ഹദീസ്

അബ്ദുർറശീദ് നദ്‌വി

# സ്വർഗപ്രവേശവും സാമൂഹിക ദൗത്യങ്ങളും

عَنِ الْبَرَاءِ بْنِ عَازِبٍ ، قَالَ : جَاءَ أَعْرَابِيٌّ إِلَى النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَقَالَ : عَلِّمْنِي عَمَلًا يُدْخِلُنِي الْجَنَّةَ ؟ فَقَالَ : " لَئِنْ كُنْتَ أَقْصَرْتَ الْخُطْبَةَ فَقَدْ أَعْرَضْتَ الْمَسْأَلَةَ أَعْتِقِ النَّسَمَةَ وَفُكَّ الرَّقَبَةَ " فَقَالَ : يَا رَسُولَ اللَّهِ أَوَلَيْسَتَا وَاحِدًا ؟ قَالَ : " لَا عِتْقُ النَّسَمَةِ أَنْ تَفَرَّدَ بِعِتْقِهَا ، وَفَكُّ الرَّقَبَةِ أَنْ تُعِينَ فِي ثَمَنِهَا ، وَالْمِنْحَةُ الْوَكُوفُ وَالْفَيْءُ عَلَى ذِي الرَّحِمِ الظَّالِمِ ، فَإِنْ لَمْ تُطِقْ ذَلِكَ فَأَطْعِمِ الْجَائِعَ ، وَاسْقِ الظَّمْآنَ ، وَمُرْ بِالْمَعْرُوفِ ، وَانْهَ عَنِ الْمُنْكَرِ ، فَأَنْ لَمْ تُطِقْ ذَلِكَ فَكُفَّ لِسَانَكَ إِلَّا مِنْ خَيْرٍ "

**ബർറാഉ ബ്നു ആദിബിൽനിന്ന് നിവേദനം. ഒരു ഗ്രാമീണ അറബി വന്ന് നബി(സ)യോട് പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ! സ്വർഗത്തിലേക്ക് എന്നെ ആനയിക്കുന്ന ഒരു പ്രവൃത്തി പറഞ്ഞു തന്നാലും.' നബി പറഞ്ഞു: 'ഏതാനും വാക്കുകളിൽ ഒതുക്കിയാണ് ചോദിച്ചതെങ്കിലും വലിയൊരു ചോദ്യമാണ് താങ്കളുടെത്... താങ്കൾ അടിമയെ മോചിപ്പിക്കുക; അടിമത്തത്തിന്റെ നുകം പൊട്ടിച്ച് മാറ്റുക.' ഗ്രാമീണൻ ചോദിച്ചു: 'ഇത് രണ്ടും ഒന്ന് തന്നെയല്ലേ പ്രവാചകരേ?' നബി പറഞ്ഞു: 'അല്ല, ആദ്യം പറഞ്ഞത് നിങ്ങൾ സ്വയം തന്നെ ഒരടിമയെ മോചിപ്പിക്കുന്നതിനെക്കുറിച്ചാണ്. അടിമയെ മോചിപ്പിക്കാൻ വില നൽകി സഹായിക്കുന്നതിനെ പറ്റിയാണ് രണ്ടാമത് പറഞ്ഞത്. പിന്നെ, നല്ല പാൽ തരുന്ന മൃഗത്തെ പാൽ കറന്നെടുക്കാനായി ആവശ്യക്കാർക്ക് നൽകുക. ബന്ധുവിനോട്, അയാൾ താങ്കളോട് അതിക്രമം കാണിച്ചവനാണെങ്കിലും നല്ല നിലയിൽ പെരുമാറുക. അതിന് കഴിഞ്ഞില്ലെങ്കിൽ വിശക്കുന്നവന് ഭക്ഷണം നൽകുക, ദാഹിച്ചവന് വെള്ളം കൊടുക്കുക, നന്മ കൽപ്പിക്കുക, തിന്മ തടയുക. അതിനും കഴിഞ്ഞില്ലെങ്കിൽ നാവിനെ നിയന്ത്രിച്ചു നിർത്തുക; നല്ല കാര്യത്തിനേ അതിനെ ഉപയോഗിക്കാവൂ.'**

(അഹ്മദ് തന്റെ മുസ്നദിലും (18647) ദാറു ഖുത്‌നി തന്റെ സുനനിലും (2 / 135) ഇമാം ബുഖാരി അൽ അദബുൽ മുഫ്റദിലും (69) ഈ ഹദീസ് ഉദ്ധരിച്ചിരിക്കുന്നു. ഹദീസ് സ്വീകാര്യ യോഗ്യമാണെന്ന് ശൈഖ് അൽബാനി).

കടൽ ലക്ഷ്യം വെക്കുന്നവൻ തോട്ടുവക്കത്ത് മുട്ടിത്തിരിയുമോ എന്ന അർഥത്തിൽ ഒരു അറബി പഴമൊഴിയുണ്ട്. പ്രവാചക ശിഷ്യന്മാരുടെ ഒരു സ്വഭാവ സവിശേഷതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നുണ്ട്. അവരെപ്പോഴും വലിയ വലിയ കാര്യങ്ങളെക്കുറിച്ചാണ് ചിന്തിച്ചിരുന്നത്. ദൈവ ശിക്ഷയിൽ നിന്ന് രക്ഷപ്പെടണം, സ്വർഗം നേടണം. ഇതാണല്ലോ ഒരു വിശ്വാസിയുടെ ആത്യന്തിക ലക്ഷ്യം. പ്രവാചക ശിഷ്യന്മാരെ അലട്ടിയിരുന്ന ഏറ്റവും വലിയ ആലോചനയും അതായിരുന്നു. ഇന്ന് കാണുന്നതു പോലെ, ശാഖാപരമോ നിസ്സാരമോ ആയ കാര്യങ്ങളിൽ അഭിരമിച്ച് മൗലിക പ്രധാനമായ വിഷയങ്ങളെ അവർ ഒരിക്കലും അവഗണിച്ചിരുന്നില്ല. മേൽ ഹദീസിൽ പരാമർശിക്കപ്പെടുന്ന തനി ഗ്രാമീണനായ ആ മനുഷ്യൻ അക്കാര്യത്തിലൊരു വ്യക്തത വരുത്താൻ വേണ്ടിയാണ് പ്രവാചക സന്നിധിയിലെത്തുന്നത്. ഒരുപക്ഷേ അതിനു വേണ്ടി അദ്ദേഹം മൈലുകൾ താണ്ടിയിട്ടുണ്ടാവാം. ഇന്നത്തെപ്പോലെ ആശയവിനിമയ സൗകര്യങ്ങളൊന്നും ഇല്ലാത്ത കാലമാണല്ലോ. കുറഞ്ഞ വാക്കുകളിലാണെങ്കിലും വലിയ ചോദ്യമാണ് ചോദിച്ചിരിക്കുന്നതെന്ന് സാക്ഷ്യപ്പെടുത്തിയ ശേഷം പ്രവാചകൻ പറയുന്ന കാര്യം, അന്നത്തെ കാലത്തെ അതീവ ഗുരുതരമാ

യ ഒരു സാമൂഹിക പ്രശ്നവുമായി ബന്ധപ്പെടുത്തിയാണ്. അഥവാ, സ്വർഗപ്രവേശം ഉറപ്പു വരുത്തണമെങ്കിൽ മനുഷ്യരെ മനുഷ്യരുടെ അടിമത്തത്തിൽനിന്ന് മോചിപ്പിക്കാൻ തയാറാകണമെന്ന്. അതിന് രണ്ട് രീതി ആവാമെന്നും പഠിപ്പിക്കുന്നു. സ്വന്തം നിലക്ക് തന്നെ അടിമകളെ മോചിപ്പിക്കുക. അല്ലെങ്കിൽ മറ്റുള്ളവർ നടത്തുന്ന അടിമത്തവിമോചന യത്നങ്ങളിൽ പണം നൽകിയും മറ്റും സഹകരിക്കുക.

അടിമത്തം ഉന്മൂലനം ചെയ്യപ്പെട്ട ഒരു ലോകത്താണ് നാം ജീവിക്കുന്നത് എന്ന് നമുക്ക് വാദിക്കാമെങ്കിലും ലക്ഷക്കണക്കിന് മനുഷ്യർ ഇപ്പോഴും അടിമകളായി ജീവിക്കുന്നുണ്ടെന്നത് ആഗോള പൊതുവേദികൾ തന്നെ അംഗീകരിച്ചിട്ടുള്ളതാണ്. ബോണ്ടഡ് ലേബർ പോലുള്ള പരോക്ഷ അടിമത്തം ഫ്യൂഡൽ സമൂഹങ്ങളിലെല്ലാം ഇപ്പോഴും വ്യാപകമായി നിലനിൽക്കുന്നുണ്ട്. എല്ലാതരം മനുഷ്യനിർമിത അടിമത്തങ്ങളിൽ നിന്നുമുള്ള മോചനം എന്ന അർഥത്തിൽ തന്നെയാണ് ഇന്ന് ഈ നബിവചനത്തെ വായിക്കേണ്ടത്. ഈ ദൗത്യം വളരെ ശ്രമകരവും പണച്ചെലവുള്ളതുമായതിനാൽ എല്ലാവർക്കും അതിൽ പങ്കാളികളാകാൻ കഴിയണമെന്നില്ല. അത്തരക്കാർ തങ്ങൾക്ക് കഴിയുന്ന ജനസേവന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയാണ് വേണ്ടത്. അതിലൊന്നാണ് പിന്നെ ഈ നബിവചനത്തിൽ പരാമർശിക്കപ്പെടുന്നത്. നന്നായി പാൽ ചുരത്തുന്ന ഒട്ടകത്തെയും അടിനെയും (അൽ മിൻഹതുൽ വകൂഫ്) പാവങ്ങൾക്ക് വിട്ടുകൊടുക്കുന്ന ഒരു രീതിയുണ്ടായിരുന്നു നബിയുടെ കാലത്ത്. പാൽ വറ്റിയ ശേഷമേ ഉടമസ്ഥർ അവയെ തിരിച്ചെടുക്കുമായിരുന്നുള്ളൂ. ഇതിന് സമാനമായ എത്രയോ സേവന പ്രവർത്തനങ്ങൾ കണ്ടെത്താൻ ഇന്ന് നമുക്ക് ഒരു വിഷമവുമില്ല. ബന്ധു തന്നോട് അതിക്രമങ്ങൾ ചെയ്ത ആളാണെങ്കിലും ആ മനുഷ്യനോട് അലിവും സഹാനുഭൂതിയും കാണിക്കുകയും അയാൾക്ക് വേണ്ടതൊക്കെ ചെയ്തു കൊടുക്കുകയും അയാളുടെ വീഴ്ചകൾ പൊറുത്തു കൊടുക്കുകയും ചെയ്യുക എന്ന വിശാലമായ അർഥത്തിലാണ് ഹദീസിൽ 'അൽ ഫൈഉ അലാ ദിർറഹിമില്ലാലിം' എന്ന് പ്രയോഗിച്ചിരിക്കുന്നത്.

പിന്നെ പറയുന്നത് വിശക്കുന്നവനെ ഊട്ടണമെന്നാണ്. ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ ഓരോ മനുഷ്യനും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കണം. ഇത് സ്വർഗപ്രവേശത്തിന്റെ ഉപാധിയായി എടുത്തു പറഞ്ഞിരിക്കുന്നു. ദാഹിക്കുന്നവന് വെള്ളം നൽകണം എന്ന് പറയുന്നത് കുടിവെള്ള പദ്ധതിയുടെയും മറ്റും പ്രാധാന്യം എടുത്തോതുന്നു. ഇതൊന്നും ചെയ്യാൻ സാമ്പത്തികമായി സാധ്യമല്ലെങ്കിൽ താൻ ചരിക്കുന്നത് നന്മയുടെ മാർഗത്തിലാണെന്നും തിന്മയുടെ മാർഗത്തിലല്ലെന്നും ഉറപ്പാക്കാൻ ഒരാൾക്ക് കഴിയുമല്ലോ. നാവുൾപ്പെടെയുള്ള തന്റെ എല്ലാ അവയവങ്ങളെയും നിയന്ത്രിച്ചുകൊണ്ടേ ഇത് സാധ്യമാവൂ. ●